©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

**പന്ത്രണ്ടാമത് റിപ്പോർട്ട്**

(2024 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പത്തനംതിട്ട ജില്ലയിൽ സമിതി നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

**പന്ത്രണ്ടാമത് റിപ്പോർട്ട്**

(2024 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പത്തനംതിട്ട ജില്ലയിൽ സമിതി നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്]**

939/2024.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

## (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u> :

ശ്രീ. എ. സി. മൊയ്തീൻ.

<u>അംഗങ്ങൾ</u>

ശ്രീ. എ. കെ. എം. അഷ്റഫ്

ഡോ. കെ. ടി. ജലീൽ

ശ്രീ. മാണി സി. കാപ്പൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ഡോ. എൻ. കൃഷ്ണ കുമാർ, *സെക്രട്ടറി,*

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി,

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീമതി ഷീജ പി. കെ., അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-2026)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രവാസി സമൂഹത്തിന്റെ ജീവിത യാഥാർത്ഥ്യങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും അതിലൂടെ അവരുടെ ക്ഷേമതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി സമിതി 2023 ജൂൺ 6-ാം തീയതി പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും ജില്ലയിലെ പ്രവാസി മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വകുപ്പ് ഉദ്യോഗസ്ഥർ, സംഘടന പ്രതിനിധികൾ, വ്യക്തികൾ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെയും തെളിവ് ശേഖരണത്തിന്റെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2024 ജൂലൈ 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. സി. മൊയ്തീൻ,

*ചെയർപേഴ്സൺ,*

*പ്രവാസി മലയാളികളുടെ ക്ഷേമം*

*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ജൂലൈ 8.

# റിപ്പോർട്ട്

അകലങ്ങളിൽ ജീവിതപ്പച്ച കണ്ടെത്തിയ പ്രവാസികൾ നാടിന്റെ കരുതൽ ധനമാണ്. താൻ ജീവിച്ച പരിമിതമായ പരിതസ്ഥിതിയിൽ നിന്ന് ഉയർന്ന ജീവിത നിലവാരം നേടുന്നതിന് താല്ക്കാലികമായുള്ള വിട്ടു നിൽക്കലാണ് പ്രവാസം. പ്രവാസ ജീവിതത്തിന് അടിസ്ഥാനപരമായി കാരണങ്ങൾ പലതുണ്ടെങ്കിലും ആഗ്രഹിച്ച ജോലി നേടുകയും മെച്ചപ്പെട്ട ജീവിതം പടുത്തുയർത്തുകയും തന്നെയാണ് മുഖ്യ ലക്ഷ്യം. മറുനാട്ടിൽ ജീവിക്കുന്ന തൊണ്ണൂറ് ശതമാനം മനുഷ്യരുടെയും ജീവിത പശ്ചാത്തലത്തിൽ നിന്ന് ഇത് നമുക്ക് തിരിച്ചറിയാം. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് പരസ്പരമുള്ള കുടിയേറ്റത്തിന്റെ കാര്യമെടുത്താലും ഇതു തന്നെയാണ് വസ്തുത. ജീവിതത്തിൽ അനുകൂലമായ സാഹചര്യ മുണ്ടാവുമെന്നുള്ള പ്രതീക്ഷയാണ് പ്രവാസ ജീവിതത്തിന് മനുഷ്യനെ പ്രേരിപ്പിക്കുന്നത്.

2. നിറമുള്ള ജീവിതം തേടിയുള്ള അന്വേഷണമാണ് മലയാളിക്ക് പ്രവാസം. കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തെ പ്രവാസ ചരിത്രം മാറ്റി മറിച്ചത് കേരളത്തിന്റെ സാമ്പത്തിക രംഗത്തെ മാത്രമല്ല, സാമൂഹിക ജീവിതക്രമത്തെക്കൂടിയാണ്. മൂന്ന് തലമുറയായി ലോകത്തിന്റെ നാനാഭാഗത്തേക്കുമായി പടർന്നു പന്തലിച്ചു നിൽക്കുന്നതാണ് കേരളത്തിന്റെ പ്രവാസ ശൃംഖല. ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, ഉപഭോഗം, ആളോഹരി വരുമാനം തുടങ്ങിയ മേഖലകളിലെല്ലാം സാമൂഹിക വളർച്ചയുടെ ചാലകശക്തിയായ പ്രവാസികൾ, കോവിഡിനെ തുടർന്ന് ഇന്ന് നേരിടുന്ന വെല്ലുവിളികൾ വളരെ വലുതാണ്. പ്രവാസ ജീവിതത്തിന്റെ നിറം മങ്ങി തിരികെയെത്തിയ പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

3. ജനസംഖ്യയിൽ നല്ലൊരു ശതമാനം പ്രവാസികളായ ജില്ലയാണ് പത്തനംതിട്ട. വിദേശ രാജ്യങ്ങളിൽ നിന്നുള്ള പണത്തിന് ഈ നാടിന്റെ സമ്പദ്‌വ്യവസ്ഥയിൽ വളരെ നിർണായക പങ്കാണുള്ളത്. ഇത് ജില്ലയുടെ സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ രംഗങ്ങളിലുണ്ടാക്കിയത് വിപ്ലവകരമായ മാറ്റമാണ്. പ്രവാസികളുടെ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ സംസ്ഥാനത്ത് തന്നെ മുൻനിരയിൽ പരിഗണിക്കാവുന്ന ജില്ലകളിലൊന്നാണ് പത്തനംതിട്ട. പ്രവാസി സമൂഹത്തിന്റെ ജീവിത യാഥാർത്ഥ്യങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും അതിലൂടെ അവരുടെ ക്ഷേമതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും കൂടുതൽ പ്രവാസികളുള്ള ജില്ല എന്ന നിലയിൽ പത്തനംതിട്ട ജില്ല സന്ദർശിക്കുന്നതിനും കേരളീയ പ്രവാസികാര്യ വകുപ്പ്, നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖേന ജില്ലയിൽ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അവയിലെ പോരായ്മകൾ പരിഹരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും പ്രവാസി സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തുന്നതിനും തീരുമാനിക്കുകയുണ്ടായി.

4. അതുപ്രകാരം പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി 2023, ജൂൺ 06-ാം തീയതി പത്തനംതിട്ട ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും കേരളീയ പ്രവാസികാര്യ വകുപ്പ്, കേരള പ്രവാസി വെൽഫെയർ ബോർഡ്, നോർക്ക റൂട്ട്സ് എന്നിവ മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ അവലോകനം ചെയ്യുകയും പ്രസ്തുത ജില്ലയിലെ പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പ്രവാസി മലയാളി സംഘടനാ പ്രതിനിധികൾ, വ്യക്തികൾ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ ഉരുത്തിരിഞ്ഞ സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

5. പ്രവാസ ജീവിതം കഴിഞ്ഞ് തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രവാസി മലയാളികളുടെ സഹകരണ സംഘങ്ങൾക്ക് നോർക്ക റൂട്ട്സ് മുഖേന മൂന്ന് ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് അപേക്ഷിക്കുന്ന സമയത്ത് സംഘത്തിൽ 50 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണമെന്നും രജിസ്ട്രേഷനുശേഷം രണ്ട് വർഷം പൂർത്തിയായിരിക്കണമെന്നും എ, ബി ക്ലാസ് അംഗങ്ങൾ-പ്രവാസികൾ/തിരിച്ചുവന്നവരായിരിക്കണമെന്നും ബൈലോയിൽ സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് വ്യവസ്ഥ ഉണ്ടായിരിക്കണമെന്നും പൊതുജന താല്പര്യമുള്ള ഉൽപ്പാദന, സേവന, ഐ.ടി., തൊഴിൽസംരംഭങ്ങൾ എന്നിവയിലൂടെ കുറഞ്ഞത് 10 പേർക്കെങ്കിലും തൊഴിലും വരുമാനവും ലഭ്യമാകുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് അല്ലെങ്കിൽ നിലവിലുള്ള സംരംഭങ്ങൾ വികസിപ്പിക്കുന്നതിനുമാണ് പ്രവർത്തന മൂലധനം നൽകുക എന്നിവയാണ് മാനദണ്ഡങ്ങളായി നിശ്ചയിച്ചിട്ടുള്ളത്. രജിസ്ട്രേഷന് ശേഷം രണ്ട് വർഷം പൂർത്തിയായിരിക്കണമെന്ന വ്യവസ്ഥ സംഘങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും പ്രസ്തുത മാനദണ്ഡത്തിൽ ഇളവ് വരുത്താത്തത് കാരണം കഴിഞ്ഞ വർഷം സംഘങ്ങളിൽനിന്നും അപേക്ഷകൾ ലഭിച്ചിരുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രവാസി മലയാളികളുടെ സഹകരണ സംഘങ്ങൾക്ക് നോർക്ക റൂട്ട്സ് മുഖേന ധനസഹായം നൽകുന്ന പദ്ധതിയിലെ പ്രസ്തുത മാനദണ്ഡത്തിൽ ഇളവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. പതിനെട്ടിനും അറുപതിനും ഇടയിൽ പ്രായമുള്ള പ്രവാസികൾക്കും അവരുടെ വിദേശത്ത് താമസിക്കുന്ന കുടുംബാംഗങ്ങൾക്കുമായി നോർക്കാ റൂട്ട്സ് ആരംഭിച്ച മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ 'പ്രവാസിരക്ഷാ ഇൻഷ്വറൻസ്-ൽ പ്രതിവർഷം 550 രൂപ പ്രീമിയം അടച്ചാൽ ഒരു ലക്ഷം രൂപ വരെ ചികിത്സാച്ചെലവ് ലഭിക്കുമെന്നും ഇതിൽ 13 രോഗങ്ങൾക്ക് ഇൻഷ്വറൻസ് സംരക്ഷണം ഉറപ്പുവരുത്തുന്നുണ്ടെന്നും സമിതി

മനസ്സിലാക്കി. കൂടാതെ ഒറ്റത്തവണ ധനസഹായം നൽകുന്ന 'സാന്ത്വന പദ്ധതി'യിലൂടെ കുറഞ്ഞത് രണ്ട് വർഷത്തിലധികമോ പരമാവധി 10 വർഷത്തിനുള്ളിലോ വിദേശത്തോ കേരളത്തിന് പുറത്തോ ജോലി ചെയ്തവർക്ക് ചികിത്സാ ധനസഹായമായി 50,000 രൂപയും വിവാഹ ധനസഹായമായി 15,000 രൂപയും മരണാനന്തര ധനസഹായമായി 1,00,000 രൂപയും വീൽചെയർ, ക്രച്ചസ്സ് എന്നിവ വാങ്ങാനുള്ള ധനസഹായമായി പരമാവധി 10,000 രൂപയും ലഭിക്കുമെന്നും സമിതിയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

7.തൊഴിൽരഹിതരായ പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് പദ്ധതി പ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ ലഭ്യമാക്കുന്നതിനായി ബാങ്കുകളുടെ ഭാഗത്തുനിന്നുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി, ബാങ്കുകളുടെ നേതൃത്വത്തിൽ ക്യാമ്പുകൾ കഴിഞ്ഞ സാമ്പത്തികവർഷം ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും അവിടെവച്ചുതന്നെ സംരംഭകരുടെ പ്രൊപ്പോസൽ അംഗീകരിച്ച് വായ്പകൾ അനുവദിക്കാൻ സാധിച്ചിട്ടുണ്ടെന്നും വിലയിരുത്തിയ സമിതി ചില ബാങ്കുകളുടെ ബ്രാഞ്ച് മാനേജറുടെ ഭാഗത്തുനിന്നുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി പ്രാദേശിക തലങ്ങളിലുള്ള ബാങ്ക് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി കാലതാമസമൊഴിവാക്കിക്കൊണ്ട് വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

8. NDPREM പദ്ധതി പ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിൽ എല്ലാ രേഖകളും സമർപ്പിച്ച ശേഷം അവസാന നിമിഷം ബാങ്കുകൾ വായ്പ നിഷേധിക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിക്കുന്ന സാഹചര്യം നിലനിൽക്കുന്നുവെന്ന് മനസ്സിലാക്കിയ സമിതി അത്തരം സാഹചര്യങ്ങളിൽ പ്രവാസികൾക്ക് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയിൽ അപ്പീൽ സമർപ്പിക്കുന്നതിനോ സമയബന്ധിതമായി വായ്പകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നതിനോ ഒരു സംവിധാനം ഒരുക്കണമെന്ന് ശിപാർശ ചെയ്യുന്നു.

9. പത്തനംതിട്ട ജില്ലയിൽ നോർക്കാ റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ ബിസിനസ് മീറ്റ് സംഘടിപ്പിച്ചാൽ പ്രവാസികൾക്ക് പ്രയോജനപ്രദമായിരിക്കുമെന്ന ആവശ്യം ഉയർന്ന് വന്നതിന്റെ അടിസ്ഥാനത്തിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യമുള്ള അൻപത് പേരുടെയെങ്കിലും പങ്കാളിത്തം ആവശ്യമാണെന്നും മുൻകൂട്ടി രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഏത് ജില്ലയിൽ വച്ച് ബിസിനസ് മീറ്റ് നടത്തണമെന്ന് നിശ്ചയിക്കുന്നതെന്നും ഇത്തരം ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നത് ബിസിനസ് ഫെസിലിറ്റേഷൻ സെന്ററുകളാണെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ പത്തനംതിട്ട ജില്ലയിൽ നോർക്കാ റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ ബിസിനസ് മീറ്റ് സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. അടിയന്തര ഘട്ടങ്ങളിൽ എമർജൻസി സർട്ടിഫിക്കറ്റ്/ഔട്ട് പാസുമായി വിദേശത്ത് നിന്ന് തിരിച്ചെത്തുന്നവരുടെ പക്കൽ അവർ വിദേശത്ത് നിർവ്വഹിച്ച സേവന കാലയളവി നെയോ തൊഴിൽ വൈദഗ്ധ്യത്തെയോ സംബന്ധിച്ച യാതൊരു രേഖകളുമില്ലാതെ വരുന്ന സാഹചര്യങ്ങളിൽ പ്രവാസി ക്ഷേമനിധിയിലും മറ്റ് പുനരധിവാസ പദ്ധതികളിലും ഉൾപ്പെടാൻ സാധിക്കാതെ വരുന്ന വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത്തരം സാഹചര്യങ്ങളിൽ സർക്കാരിന് ഇടപെടലുകൾ നടത്താൻ സാധിക്കുമോയെന്ന് പരിശോധിച്ച് അനുകൂല നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. പത്തനംതിട്ട ജില്ലയിലെ നോർക്കാ സെല്ലിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് കാരണം ചില സാഹചര്യങ്ങളിൽ പ്രവാസികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും നോർക്കാ സെല്ലിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ചെങ്ങന്നൂരിൽ നോർക്കയുടെ പുതിയൊരു ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ച് പത്തനംതിട്ട ജില്ലയിലെ നോർക്കാ സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. അറുപത് വയസ് പൂർത്തിയാകുകയും അഞ്ച് വർഷത്തിൽ കുറയാത്ത അംശാദായം അടച്ചിട്ടുള്ളതുമായ പ്രവാസികൾക്ക് പ്രതിമാസം 3,500 രൂപയും മുൻ പ്രവാസികൾക്ക് 3000 രൂപയുമായി പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഗുരുതരമായി രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സയ്ക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വ കാലയളവിൽ അമ്പതിനായിരം രൂപ വരെ നൽകുന്നുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ മരണമടയുന്ന പ്രവാസി കേരളീയനായ (വിദേശം) (1 എ) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം)(1 ബി) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും പ്രവാസി കേരളീയനായ (ഭാരതം)(2 എ) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കു ന്നതാണെന്നും പെൻഷനായവർക്ക് പ്രസ്തുത ആനുകൂല്യത്തിന് അർഹതയില്ലെന്നും സമിതി നിരീക്ഷിച്ചു.

13. നോർക്കയ്ക്ക് പുറമെ, പത്തനംതിട്ട ജില്ലയിൽ വ്യവസായ വകുപ്പ് മുഖേന സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരം പ്രവാസികൾ പ്രയോജനപ്പെടുത്തണമെന്നും അത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവാസി സംഘടനകൾ മുൻകൈയ്യെടുത്ത് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു.

14. മുൻകാലങ്ങളിൽ വിദേശത്തേയ്ക്ക് പോകുന്ന അവസരത്തിൽ പ്രവാസികളിൽ നിന്നും എമിഗ്രേഷൻ ഫീ ഇനത്തിൽ ഈടാക്കിയ തുക മുൻനിബന്ധനകൾക്ക് വിധേയമായി അവർക്ക് തിരികെ നൽകുകയോ അല്ലെങ്കിൽ പൊതുവായ പ്രവാസിക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയോ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക എന്ന ആവശ്യം സമിതി മുൻപാകെ ഉയർന്നു വന്നിരുന്നു. പ്രവാസികളിൽ നിന്നും ഫീസായി ശേഖരിച്ച തുക പ്രവാസി ക്ഷേമത്തിനായി ഉപയോഗിക്കുകയാണെങ്കിൽ അത് പ്രവാസികൾക്ക് വളരെയേറെ ഉപകാരപ്രദമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. പ്രവാസികളുടെ സമഗ്ര പുനരധിവാസം ലക്ഷ്യമിട്ട് നോർക്കാ റൂട്ട്സ് ആവിഷ്കരിച്ച പ്രവാസി ഭദ്രതാ സംരംഭകത്വ സഹായ പദ്ധതി പ്രകാരം, സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ കുടുംബശ്രീ മിഷന്റെ കീഴിൽ തിരിച്ചു വന്ന കുറഞ്ഞ വരുമാനമുള്ള പ്രവാസികൾക്ക് രണ്ട് ലക്ഷം രൂപ വരെ ലഭിക്കുന്ന പലിശ രഹിത വായ്പയുടെ തിരിച്ചടവ് കാലാവധി രണ്ട് വർഷമാണെന്നും തിരിച്ചടവ് കാലാവധി വർദ്ധിപ്പിച്ചാൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുമെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. സീസൺ സമയത്ത് വിമാനക്കമ്പനികൾ പ്രവാസികളിൽനിന്നും ഈടാക്കുന്ന അമിത യാത്രാക്കൂലി ഒഴിവാക്കി ന്യായമായ യാത്രാക്കൂലി നിശ്ചയിക്കുക എന്നത് വളരെകാലമായി പ്രവാസികൾ ഉന്നയിക്കുന്ന ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സീസൺ സമയങ്ങളിൽ വിമാനക്കമ്പനികൾ അനിയന്ത്രിതമായി യാത്രാ ചാർജ്ജ് വർദ്ധിപ്പിക്കുന്ന വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. മടങ്ങിവരുന്ന പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്താൻ ലോകത്തിന്റെ എല്ലാ ഭാഗത്തും എന്നതുപോലെ കേരളമല്ലാത്ത മറ്റ് സംസ്ഥാനങ്ങളിൽ ഉൾപ്പെട്ട മറുനാടൻ മലയാളികളുടെ ക്ഷേമത്തിനും ആവശ്യമായ ഇടപെടൽ നടത്താൻ സമിതി ശ്രദ്ധ നൽകുന്നു. അത്തരത്തിലൊരു ഇടപെടൽ പത്തനംതിട്ട ജില്ലയിലും നടത്താൻ കഴിഞ്ഞതിൽ സമിതിയ്ക്ക് ചാരിതാർത്ഥ്യമുണ്ട്.

18. കോവിഡ് മഹാമാരിയും മറ്റ് വിഷയങ്ങൾകൊണ്ടും തൊഴിൽ നഷ്ടപ്പെട്ട് ധാരാളം പ്രവാസികൾ നാട്ടിലേയ്ക്ക് മടങ്ങിവരുന്നുണ്ട്. മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപ്പിന് ആവശ്യമായ പുത്തൻ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും ഈ റിപ്പോർട്ട് സഹായകരമാകട്ടെ എന്ന് സമിതി പ്രത്യാശിക്കുന്നു.

**എ. സി. മൊയ്തീൻ,**
*ചെയർപേഴ്സൺ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ജൂലൈ 4.